## യൂണിറ്റ് 19 : സ്കൂൾവിക്കി - ചിത്രങ്ങൾ തയ്യാറാക്കൽ

(സ്കൂൾവിക്കിയിൽ ചിത്രങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിൽ നല്ല ശ്രദ്ധ വേണം. പരിശീലനസമയത്തോ അല്ലാതേയോ, അനാവശ്യമായ ഒരു ഫയൽ പോലും ചേർക്കരുത്. കാര്യനിർവ്വാഹകർ ഇക്കാര്യം നിരീക്ഷിക്കുന്നുണ്ട്. മാനദണ്ഡങ്ങൾ പാലിക്കാത്തവ ഉടൻതന്നെ മായ്ക്കപ്പെടും )

- യഥാർത്ഥ ചിത്രങ്ങൾ മാത്രം ചേർക്കുക. എഡിറ്റ് ചെയ്യേണ്ടതില്ല.
- ഒന്നിന്റെ തന്നെ നിരവധി ചിത്രങ്ങൾ എടുത്ത് അവയിൽനിന്നും ഏറ്റവും മികച്ച ചിത്രങ്ങൾ തെരഞ്ഞെടുത്ത് അപ്‌ലോഡ് ചെയ്യുക.
- ചിത്രത്തിന്റെ മെറ്റാഡാറ്റ (Metadata) നഷ്ടപ്പെടരുത്.
- സ്റ്റാമ്പ് സൈസിലുള്ള ഫോട്ടോയും ലോഗോയും മറ്റും സ്ക്രീൻഷോട്ട് ചിത്രങ്ങളായി ഉപയോഗിക്കേണ്ടി വരാറുണ്ട്. മറ്റ് സ്ക്രീൻഷോട്ട് ചിത്രങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുന്നില്ല.
- പല ചിത്രങ്ങളും സ്കൂൾവിക്കിയുടെ ചുമതലയുള്ളവർക്ക് മാറ്റുള്ളവർ അയച്ചുനൽകുന്നത് വാട്സ്ആപ് വഴിയാണ്. സാധാരണ നിലയിൽ വാട്സ്ആപ് വഴി അയച്ച ചിത്രങ്ങൾക്ക് മെറ്റാഡാറ്റയും ക്വാളിറ്റിയും ഉണ്ടാവില്ല. ഇവചേർക്കരുത്. എന്നാൽ, ചിത്രങ്ങളുടെ ക്വാളിറ്റി നഷ്ടപ്പെടാതെ തന്നെ, Attach Document എന്ന ഓപ്ഷനിൽ വാട്സ്ആപ് വഴി കൈമാറിയ ചിത്രങ്ങൾ ഉപയോഗിക്കാം. ഇമെയിൽ അറ്റാച്ച്മെന്റായി ചിത്രങ്ങൾ കൈമാറുന്നതാണ് ഏറ്റവും നല്ലത്.
- സെൽഫി ചിത്രങ്ങൾ ഉചിതമല്ല.
- പകർപ്പവകാശമില്ലാത്ത ചിത്രങ്ങൾ / പ്രമാണങ്ങൾ മാത്രമേ സ്കൂൾവിക്കിയിൽ ചേർക്കാവൂ. ഓൺലൈൻ മാധ്യമങ്ങളിലേയും സാമൂഹിക മാധ്യമങ്ങളിലേയും വാർത്തകളുടേയും മറ്റും സ്ക്രീൻഷോട്ടുകൾ അപ്‌ലോഡ് ചെയ്യരുത്.
- സ്കൂൾവിക്കിക്ക് / വിദ്യാർത്ഥികൾക്ക് ഉചിതമല്ലാത്ത പ്രമാണങ്ങൾ ചേർക്കരുത്.
- കുട്ടികളുടെ സ്വകാര്യത പാലിച്ചുള്ള ചിത്രങ്ങൾ / പ്രമാണങ്ങൾ മാത്രമേ ചേർക്കാവൂ. ദുരുപയോഗം ചെയ്യപ്പെടാൻ സാദ്ധ്യതയുള്ളവ പാടില്ല.
- പരസ്യങ്ങൾ അടങ്ങിയ ചിത്രങ്ങൾ / പ്രമാണങ്ങൾ ചേർക്കരുത്
- ഒരേ തരത്തിലുള്ള അനേകം ചിത്രങ്ങൾ വേണ്ടതില്ല. ഓരോ പദ്ധതിയിലും അനുവദനീയമായ എണ്ണത്തിൽക്കൂടുതൽ ചേർക്കരുത്.
- പ്രമാണത്തിന്റെ വലിപ്പത്തിന്റെ കൂടിയ പരിധി: **3** എം.ബി. ആണ്. ഉയർന്ന വലുപ്പമുണ്ടെങ്കിൽ, gimp പോലുള്ള ഏതെങ്കിലും സോഫ്റ്റ്‌വെയർ ഉപയോഗിച്ച് Metadata നഷ്ടപ്പെടാതെ തന്നെ റീസൈസ് ചെയ്യാവുന്നതാണ്. അതല്ലെങ്കിൽ, മറ്റൊരു മാർഗ്ഗം താഴെ, **അനുബന്ധമായി** വിവരിച്ചിട്ടുണ്ട്.
- അനുവദനീയമായ പ്രമാണ തരങ്ങൾ: **png, jpg, jpeg, pdf, odg, svg.**
- **ചിത്രത്തിന്റെ File name ൽ - സ്കൂൾകോഡ് ഉണ്ടായിരിക്കണം.**


  ഉദാ: 99999-kalolsavam, 99999_school_main_building, 99999LK_camp, 99999hm, 99999annual day ......
- **ചിത്രത്തിന്റെ File name ഇംഗ്ലീഷിൽത്തന്നെയായിരിക്കണം.**
- **ചിത്രങ്ങൾക്ക് വർഗ്ഗം ചേർക്കണം. സ്കൂൾകോഡ് നിർബന്ധമായും ഒരു വർഗ്ഗമായിച്ചേർക്കണം. മറ്റ് വർഗ്ഗങ്ങൾ നിർദ്ദേശമനുസരിച്ച് ചേർക്കണം. വർഗ്ഗം ചേർക്കുന്ന വിധം.**
- വെബ്ബ്രൗസർ അപ്ഡേറ്റഡ് ആയിരിക്കണം. കാറ്റഗറി ചേർക്കാനുള്ള ഓപ്ഷൻ കാണുന്നില്ലായെങ്കിൽ, താങ്കളുടെ അംഗത്വത്തിനു ഉപയോഗിക്കാവുന്ന പ്രത്യേക ഗാഡ്ജറ്റുകളുടെ ക്രമീകരണത്തിൽ മാറ്റം വരുത്തുക.

  **ഇവിടെ ക്രമീകരണങ്ങൾ ==> ഗാഡ്ജറ്റ് ==> എല്ലാ ഓപ്ഷനും ടിക് മാർക്ക് നൽകി സേവ് ചെയ്യുക.**
- **മാനദണ്ഡങ്ങൾ പാലിക്കാത്തവയും താളുകളിലൊന്നിലും ഉപയോഗിക്കാത്തവയും, മായ്ക്കപ്പെടും.**


അനുബന്ധം - 1

## ചിത്രം റീസൈസ് ചെയ്യാവുന്നതിനുള്ള മാർഗ്ഗം.


സ്കൂൾവിക്കിയിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള പ്രമാണത്തിന്റെ വലിപ്പത്തിന്റെ കൂടിയ പരിധി: 3 എം.ബി. ആണ്. ഉയർന്ന സൈസുണ്ടെങ്കിൽ, താഴെപ്പറയുന്ന മാർഗ്ഗം ഉപയോഗിച്ച് Metadata നഷ്ടപ്പെടാതെ തന്നെ റീസൈസ് ചെയ്യാവുന്നതാണ്.





**X മാർക്ക് ചെയ്തവയെല്ലാം 3 MB യിൽ കൂടിയതായതിനാൽ റീസൈസ് ചെയ്യണം.**





**Select ==> Right click ==> Resize Image**





**Scale ==> എത്ര ശതമാനം ആയി മാറ്റണമെന്ന് ചേർക്കുക. ==> Resize**




**Resized and created a new file.**




**Resized** എന്ന പേരോടുകൂടി ഫയലുകൾ സൃഷ്ടിക്കപ്പെടുന്നു. കൂടിയ സൈസ് ഉള്ള ഫയൽ നീക്കംചെയ്ത് **Resized** ഫയലുകൾ എടുക്കുക.




ഫയലുകൾ **Rename** ചെയ്യുക

# Video Tutorial

---

മുഴുവൻ യൂണിറ്റുകളുടേയും pdf ഫയലുകളും പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന വീഡിയോ ഫയലുകളും ഇവിടെക്കാണാം

---

- പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഇവിടെ രജിസ്റ്റർ ചെയ്യുക.
- ജില്ലയുടെ വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ ചേരുന്നതിന് ഇവിടെ സൗകര്യമുണ്ട്.
- സാങ്കേതിക സഹായത്തിന് : SchoolwikiHelpDesk സന്ദർശിക്കുക.